# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4958** **04.07.2012 -ൽ മറുപടിയ്ക്ക്**

**കേന്ദ്ര ചിട്ടിനിയമത്തിലെ വ്യവസ്ഥകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ചിട്ടിനിയമം സെക്ഷൻ 87 പ്രകാരം ചില ചിട്ടിസ്ഥാപനങ്ങൾക്ക് നിയമത്തിലെ വ്യവസ്ഥകൾ ഇളവു ചെയ്തു കൊടുക്കുവാൻ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരം ലഭിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പല സ്വകാര്യ ചിട്ടി കമ്പനികൾക്കും വൻതുക കൈപ്പറ്റിക്കൊണ്ട് ഇപ്രകാരം ഇളവുകൾ നൽകാൻ ധനകാര്യവകുപ്പിൽ നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കാതിരിക്കാൻ എന്തുനടപടി സർക്കാർ കൈക്കൊണ്ടു എന്ന് പറയാമോ ; | (എ) | കേന്ദ്ര ചിട്ടിനിയമം സെക്ഷൻ 87 പ്രകാരം ചിട്ടിസ്ഥാപനങ്ങൾക്ക് നിയമത്തിലെ വ്യവസ്ഥകൾ ഇളവു ചെയ്തു കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഇ. ഇപ്പോൾ ചിട്ടികൾ രജിസ്റ്റർ ചെയ്യാറുണ്ടോ ; കെ.എസ്.എഫ്.ഇ. ചിട്ടികൾ ഇപ്പോൾ ഏതു നിയമ പ്രകാരമാണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. പുതിയതായി ആരംഭിക്കുന്ന ചിട്ടികൾ ചിറ്റ് ഫണ്ട്സ് ആക്ട് പ്രകാരമാണ് നടത്തുന്നത്. നേരത്തെ രജിസ്റ്റർ ചെയ്ത ചിട്ടികളുടെ തുടർപ്രവർത്തനങ്ങൾ നടത്തുന്നത് കേരള ചിട്ടീസ് ആക്ട് അനുസരിച്ചാണ്.<br>(..........2) |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര ചിട്ടിനിയമത്തിലെ പഴുതുകൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ തനത് സമ്പാദ്യപദ്ധതിയായ ചിട്ടിമേഖലയിലേയ്ക്ക് റിലയൻസ് പോലുള്ള ഇന്ത്യൻ കുത്തകകളും ചില വിദേശ കുത്തകകളും സംസ്ഥാന ധനം മറ്റു സംസ്ഥാന ങ്ങളിലേക്ക് കടത്താനുള്ള സാധ്യത ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇത്തരം അധിനിവേശങ്ങളെ ചെറുക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ